ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 07.05.2026** **TIME : 06.30 PM**

## പ്രധാന വാർത്തകൾ

1. കര- നാവിക- വ്യോമ സേനകളുടെ അസാധാരണമായ ഏകോപനമാണ് പഹൽഗാം ഭീകരാക്രമണത്തിനെതിരായ ഓപ്പറേഷൻ സിന്ദൂരിന്റെ ലക്ഷ്യപൂർത്തീകരണത്തിന് സഹായകമായതെന്ന് ഇന്ത്യൻ സായുധ സേന.

2. സംസ്ഥാന നിയമസഭാ രൂപികരണവുമായി ബന്ധപ്പെട്ട് കോൺഗ്രസ് നിയമസഭാ കക്ഷി യോഗം ഇന്ന് തിരുവനന്തപുരത്തു ചേർന്നു.

3. തമിഴ്നാട്ടിൽ സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ TVK അധ്യക്ഷൻ വിജയിയെ ലോക്ഭവനിലേക്ക് ക്ഷണിച്ചു.

4. രാജ്യത്തെ പത്ത് വർഷത്തെ സ്കൂൾ വിദ്യാഭ്യാസ സംവിധാനത്തെ കുറിച്ച് സമഗ്ര നയ റിപ്പോർട്ട് പുറത്തിറക്കി നിതി ആയോഗ്.

5. സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും.

## ഓപ്പറേഷൻ സിന്ദൂർ (ഇൻട്രോ).

കര- നാവിക- വ്യോമ സേനകളുടെ അസാധാരണമായ ഏകോപനം ഓപ്പറേഷൻ സിന്ദൂരിന്റെ ലക്ഷ്യപൂർത്തീകരണത്തിന് സഹായകമായതായി ഇന്ത്യൻ സായുധ സേന. ഓപ്പറേഷൻ സിന്ദൂരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ജയ്പൂരിൽ നടന്ന സംയുക്ത കമാൻഡർമാരുടെ സമ്മേളനത്തോടനുബന്ധിച്ച് നടന്ന വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു സേനാതലവൻമാർ. തീവ്രവാദത്തിനെതിരായ ഇന്ത്യയുടെ പോരാട്ടം പൂർണ്ണ ദൃഢനിശ്ചയത്തോടെ തുടരുന്നുവെന്ന് മാധ്യമങ്ങളെ അഭിസംബോധന ചെയ്യുകൊണ്ട് ലെഫ്റ്റനന്റ് ജനറൽ രാജീവ് ഘായ് പറഞ്ഞു. ആത്മനിർഭർ ഭാരത് എന്ന ദർശനം ഇനി വെറും മുദ്രാവാക്യമല്ലെന്ന് ഓപ്പറേഷൻ സിന്ദൂർ തെളിയിച്ചതായി അദ്ദേഹം പറഞ്ഞു.

*(byte ........Lieutenant General Rajiv Gha)*

✠✠✠✠✠✠✠✠✠✠✠✠✠✠✠

## MEA-BRIEFING

ബംഗ്ലാദേശുമായി 2,860 പൗരത്വ പരിശോധന കേസുകളാണ് തീർപ്പാകാതെ കിടക്കുന്നതെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നിയമവിരുദ്ധമായി താമസിക്കുന്ന വിദേശ പൗരന്മാരെ രാജ്യത്തിന്റെ നിയമങ്ങളും നിലവിലുള്ള ഉഭയകക്ഷി സംവിധാനങ്ങളും അനുസരിച്ച് തിരികെ അയയ്ക്കേണ്ടതുണ്ടെന്നും ശ്രീ രൺധീർ ജയ്സ്വാൾ പറഞ്ഞു.

✠✠✠✠✠✠✠✠✠✠✠✠✠✠✠

## മാതൃകാ പെരുമാറ്റച്ചട്ടം

നിയമസഭാ പെതുതിരഞ്ഞെടുപ്പ് നടന്ന കേരളം, അസം, തമിഴ്നാട്, പശ്ചിമബംഗാൾ എന്നിവിടങ്ങളിലും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിലും മാതൃകാ പെരുമാറ്റച്ചട്ടം പിൻവലിച്ചതായി തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## കോൺഗ്രസ് നിയമസഭാ കക്ഷി യോഗം (ഇൻട്രോ)

സംസ്ഥാനത്തെ മുഖ്യമന്ത്രിയെ നിശ്ചയിക്കുന്നതിനു മുന്നോടിയായുള്ള കോൺഗ്രസ് നിയമസഭാ കക്ഷി യോഗം തിരുവനന്തപുരത്തു ചേർന്നു. കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.......

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## മുൻ മുഖ്യമന്ത്രി പിണറായി വിജയൻ

നിയമസഭ തെരഞ്ഞെടുപ്പിൽ ഉണ്ടായ ജനവിധിയെ ആദരവോടെ സ്വീകരിക്കുന്നതായും തെരഞ്ഞെടുപ്പിൽ വിജയം നേടിയ യുഡിഎഫിനെ അഭിനന്ദനങ്ങൾ അറിയിക്കുന്നതായും മുൻ മുഖ്യമന്ത്രിയും സിപിഐഎം പൊളിറ്റ് ബ്യൂറോ അംഗവുമായ പിണറായി വിജയൻ. കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്ന ഏത് നല്ല നടപടിയെയും പിന്തുണക്കുമെന്നും ജനവിരുദ്ധമായ തീരുമാനങ്ങൾക്കെതിരെ പ്രതികരിക്കുമെന്നും അദ്ദേഹം പറഞ്ഞു . ഉത്തരവാദിത്തമുള്ള പ്രതിപക്ഷമായി പ്രവർത്തിക്കുകയാണ് എൽഡിഎഫിന്റെ ലക്ഷ്യമെന്നും ശ്രീ പിണറായി വിജയൻ വ്യക്തമാക്കി.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## പശ്ചിമ ബംഗാൾ- സത്യപ്രതിജ്ഞാ

പശ്ചിമ ബംഗാളിലെ എൻഡിഎ നേതൃത്വത്തിലുള്ള പുതിയ സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങ് മറ്റന്നാൾ ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിൽ നടക്കും. പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി, ആഭ്യന്തര മന്ത്രിയും പാർട്ടി നേതാവുമായ അമിത് ഷാ, ബിജെപി ഭരിക്കുന്ന വിവിധ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## തമിഴ്നാട്- ഗവർണർ- പ്രസ് റിലീസ്

തമിഴ്നാട്ടിൽ പുതിയ സർക്കാർ രൂപീകരണത്തിലെ രാഷ്ട്രീയ അനിശ്ചിതത്വങ്ങൾ തുടരുന്നു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നടനും TVK അധ്യക്ഷനുമായ വിജയയെ ലോക്ഭവനിലേക്ക് ക്ഷണിച്ചു. സർക്കാർ രൂപീകരണത്തിന് ആവശ്യമായ ഭൂരിപക്ഷത്തെ കുറിച്ച് ഗവർണർ വിശദീകരിച്ചതായി ലോക്ഭവൻ പുറത്തിറക്കിയ വാർത്താകുറുപ്പിൽ അറിയിച്ചു. നിയമസഭയിൽ ആവശ്യമായ ഭൂരിപക്ഷം സംബന്ധിച്ച് ഇതുവരെ സ്ഥിരീകരണം ഉണ്ടായിട്ടില്ലെന്നും ലോക്ഭവൻ വ്യക്തമാക്കി.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## നിതി ആയോഗ്

രാജ്യത്തെ സ്കൂൾ വിദ്യാഭ്യാസ സംവിധാനത്തെ കുറിച്ചുള്ള നയ റിപ്പോർട്ട് നിതി ആയോഗ് പുറത്തിറക്കി. സ്കൂൾ വിദ്യാഭ്യാസ സംവിധാനത്തെക്കുറിച്ചുള്ള പത്ത് വർഷത്തെ സമഗ്രമായ വിശകലനമാണ് ഈ റിപ്പോർട്ട്. പ്രവേശനം, അടിസ്ഥാന സൗകര്യങ്ങൾ, സമത്വം, പഠനഫലങ്ങൾ തുടങ്ങിയ പ്രധാന ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനമാണ് റിപ്പോർട്ടിലുള്ളത്. സ്കൂൾ ഘടന പുനഃസംഘടിപ്പിക്കുക, സ്കൂൾ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## സൈനിക സ്കൂൾ - ദ്വിദിന സമ്മേളനം

അഖിലേന്ത്യാ സൈനിക സ്കൂൾ പ്രിൻസിപ്പൽമാരുടെ ദ്വിദിന സമ്മേളനത്തിന് തിരുവനന്തപുരത്ത് തുടക്കമായി. കഴക്കൂട്ടം സൈനിക സ്കൂളിൽ നടന്ന ചടങ്ങിൽ കേന്ദ്ര പ്രതിരോധസഹമന്ത്രി സഞ്ജയ് സേത്ത് അധ്യക്ഷത വഹിച്ചു.
അച്ചടക്കവും ഉത്തരവാദിത്തവും ദേശസ്നേഹവുമുള്ള യുവാക്കളെ രൂപപ്പെടുത്തുന്നതിൽ സൈനിക സ്കൂളുകൾ നിർണായക പങ്കു വഹിക്കുന്നതായി അദ്ദേഹം പറഞ്ഞു. രാജ്യത്തുടനീളമുള്ള 33 സൈനിക് സ്കൂളുകളിലെ പ്രിൻസിപ്പൽമാരും , ജോയിന്റ് സെക്രട്ടറി,

ഓണററി സെക്രട്ടറി, ഇൻസ്പെക്റ്റിങ് ഓഫീസർമാർ എന്നിവരും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

✠✠✠✠✠✠✠✠✠✠✠✠✠✠✠

## സപ്ലൈകോ 'വിമൺസ് 11'

സംസ്ഥാന നിയമസഭയിൽ തെരഞ്ഞെടുക്കപ്പെട്ട 11 വനിതാ ജനപ്രതിനിധികൾക്കുള്ള ആദരസൂചകമായി സപ്ലൈകോ 'വിമൺസ് 11' പരിപാടി. ഈ മാസം 11 മുതൽ 11 ദിവസത്തേക്ക് 11 തെരഞ്ഞെടുത്ത ശബരി ഉൽപ്പന്നങ്ങൾ 11 ശതമാനം വിലക്കുറവിൽ വനിതാ ഉപഭോക്താക്കൾക്ക് സപ്ലൈകോ ലഭ്യമാക്കുന്നു. വനിതാ നേതൃത്വത്തെ ആദരിക്കുന്നതോടൊപ്പം, സ്ത്രീകൾ വീടുകളിലും സമൂഹത്തിലും വഹിക്കുന്ന നിർണായക പങ്കിനെയും ഉയർത്തിക്കാട്ടുകയാണ് പദ്ധതിയുടെ ലക്ഷ്യം.

✠✠✠✠✠✠✠✠✠✠✠✠✠✠✠

## കാലാവസ്ഥ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കണ്ണൂർ ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

✠✠✠✠✠✠✠✠✠✠✠✠✠✠✠

## ഇടുക്കി പൂപ്പാറ

ഇടുക്കിയിൽ പൂപ്പാറ ടൗണിൽ സർക്കാർ സ്ഥലം കൈയേറി പന്നിയാർ പുഴയുടെ ഒഴുക്കിന് തടസം സൃഷ്ടിച്ച് നിർമ്മിച്ച അനധികൃത കെട്ടിടങ്ങൾ ജില്ലാ ഭരണകൂടം പൊളിച്ചു നീക്കി. ജില്ലാ കളക്ടറുടെ നേതൃത്വത്തിലായിരുന്നു നടപടി. അനധികൃതമായി നിർമ്മിച്ച 88 കെട്ടിടങ്ങളാണ് ദുരന്തനിവാരണ നിയമപ്രകാരം പൊളിച്ചുനീക്കിയത്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

ഇടുക്കി (ഇൻട്രോ)

ഇടുക്കിയിലെ മതികെട്ടാൻചോല ദേശീയോദ്യാനം ട്രക്കിങ് സൗകര്യങ്ങളുമായി സഞ്ചാരികളെ കാത്തിരിക്കുന്നു. വന്യതയുടെ വശ്യസൗന്ദര്യവും വൈവിധ്യമാർന്ന സസ്യസമ്പത്തും ആസ്വദിക്കാൻ വനംവകുപ്പിന്റെ നേതൃത്വത്തിലാണ് വിപുലമായ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുള്ളത്. സാഹസിക സഞ്ചാരികൾക്കായി ട്രക്കിങ്ങിനൊപ്പം താമസസൗകര്യങ്ങളും ഇവിടെ ലഭ്യമാണ്.

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....*

*(വോയിസ്)*

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. രാത്രി 7.30 ന് ലഖ്നൗവിലാണ് മത്സരം.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

തിരഞ്ഞെടുപ്പ് കമ്മീഷൻ പിടിച്ചെടുത്തു

അടുത്തിടെ നടന്ന നിയമസഭാ തിരഞ്ഞെടുപ്പ് , ഉപതെരഞ്ഞെടുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് ആയിരത്തി നാനൂറ് കോടി രൂപയുടെ അനധികൃത വസ്തുക്കൾ തിരഞ്ഞെടുപ്പ് കമ്മീഷൻ പിടിച്ചെടുത്തു. 2021 ലെ തിരഞ്ഞെടുപ്പുകളെ അപേക്ഷിച്ച് ഈ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഇത്തരത്തിൽ പിടിച്ചെടുത്ത വസ്തുക്കളിൽ 40 ശതമാനത്തിലധികം വർധനയുണ്ടായി .

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## സിയാൽ

വ്യോമയാന മേഖലയിൽ ആഗോളതലത്തിൽ അനുഭവപ്പെടുന്ന പ്രതിസന്ധികൾക്കിടയിലും,തുടർച്ചയായ നാലാം സാമ്പത്തിക വർഷത്തിലും ഒരു കോടിയിലധികം യാത്രക്കാർ എന്ന ശ്രദ്ധേയ നേട്ടം കൈവരിച്ച് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം. 2025-26 സാമ്പത്തിക വർഷത്തിൽ ആകെ ഒരു കോടി14 ലക്ഷത്തി 42,583 യാത്രക്കാരാണ് സിയാൽ വഴി സഞ്ചരിച്ചത്. ഇതോടൊപ്പം 73,134 വിമാന സർവീസുകളും വിമാനത്താവളം കൈകാര്യം ചെയ്തു.

✠✠✠✠✠✠✠✠✠✠✠✠✠✠✠

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ ചാഞ്ചാട്ടം . സെൻസെക്സ് 114 പോയിന്റ് താഴ്ന്ന് 77844 ലും, നിഫ്റ്റി 5 പോയിന്റ് നേട്ടത്തിൽ 24, 336 ലും വ്യാപാരം അവസാനിപ്പിച്ചു.സ്വർണ വിലയിൽ വർദ്ധന. ഗ്രാമിന് 14,025 രൂപ , പവന് ഒരു ലക്ഷത്തി 12,200 രൂപ.

✠✠✠✠✠✠✠✠✠✠✠✠✠✠✠

## ശിക്ഷവിധിച്ചു

തലശ്ശേരി എരഞ്ഞോളി അരങ്ങേറ്റ് പറമ്പിലെ കെ.രമേശൻ വധശ്രമ കേസിൽ സി പി ഐ എം പ്രവർത്തകരായ അഞ്ച് പേരെ വിചാരണ കോടതി വിവിധ വകുപ്പുകൾ പ്രകാരം 14 വർഷം തടവിനും 2,55,000 രൂപ വീതം പിഴയടക്കാനും
വിധിച്ചു . എരഞ്ഞോളി സ്വദേശികളായ പി.കെ.ഷിബിൻ കെ പി. ഷിമിത്ത്, കെ.ടി.ജിമേഷ്, പി.വിനീഷ്, കെ.റിമേഷ് എന്നിവരാണ് പ്രതികൾ. 2016 മെയ് 19 ന് വൈകീട്ട് ആണ് കേസിനാസ്പദമായ സംഭവം നടന്നത്.